4 ഒക്ടോബർ 2018

# പ്രതിധ്വനി

കുടുംബശ്രീ വാർത്താ പത്രിക

Govt. Of Kerala

ലക്കം: 016


നവകേരള ഭാഗ്യക്കുറി




*മഞ്ഞപ്ര സിഡിഎസ് ചെയർപേഴ്സൺ സുനിത ജയനിൽ നിന്ന് സിനിമാതാരം ജയറാം നവകേരള ഭാഗ്യക്കുറി ഏറ്റുവാങ്ങുന്നു.*

# കുടുംബശ്രീ വനിതകൾ ഇതുവരെ വിറ്റഴിച്ചത് ഏഴുകോടിയിലേറെ രൂപയുടെ ടിക്കറ്റ്

പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും കേരളത്തിന്റെ പുനരുദ്ധാരണത്തിനുമായി അധിക തുക സമാഹരിക്കുക എന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് ആരംഭിച്ച "നവകേരള ഭാഗ്യക്കുറി" വിൽപന കുടുംബശ്രീ വനിതകൾ മുഖേന ഊർജിതമാകുന്നു. ഇതുവരെ 7.29 കോടി രൂപയുടെ ടിക്കറ്റുകളാണ് വിറ്റഴിച്ചത്. ഒക്ടോബർ 15നാണ് നറുക്കെടുപ്പ്. അതിനുള്ളിൽ പരമാവധി ടിക്കറ്റുകൾ വിറ്റഴിച്ചുകൊണ്ട് ദുരിതാശ്വാസ നിധിയിലേക്ക് കൂടുതൽ തുക സമാഹരിക്കുന്നതിനെ സഹായിക്കുന്നതിനാണ് കുടുംബശ്രീയുടെ ശ്രമങ്ങൾ. ആകെ 90 ലക്ഷം ടിക്കറ്റുകൾ വിൽക്കുന്നതിനാണ് ഭാഗ്യക്കുറി വകുപ്പ് ലക്ഷ്യമിടുന്നത്. ഒന്നാം സമ്മാനം ഒരു ലക്ഷം രൂപ വീതം തൊണ്ണൂറ് പേർക്ക് ലഭിക്കും. കൂടാതെ രണ്ടാം സമ്മാനമായി അയ്യായിരം രൂപ വീതം ഒരുലക്ഷത്തി എണ്ണൂറ് പേർക്കും ലഭിക്കും.

ഭാഗ്യക്കുറി വിൽപനയുടെ ഭാഗമായി സംസ്ഥാനമൊട്ടാകെയുള്ള 1064 കുടുംബശ്രീ സി.ഡി.എസുകളിൽ 1030 സി.ഡി.എസുകളും കാഷ്വൽ ഏജൻസിയെടുത്തിരുന്നു. ഇതുവഴി 14989 കുടുംബശ്രീ വനിതാ ഏജന്റ്മാർ ടിക്കറ്റ് വിൽപനയുമായി മുന്നേറുകയാണ്. ഇതുവരെ 291760 ടിക്കറ്റുകളാണ് ഇവർ മുഖേന വിറ്റഴിച്ചത്. ലോട്ടറി വിൽപന ഊർജിതമാക്കുന്നതിന്റെ ഭാഗമായി അതിന്റെ പ്രചരണാർത്ഥം കുടുംബശ്രീയുടെ കമ്യൂണിറ്റി തിയേറ്റർ ഗ്രൂപ്പായ രംഗശ്രീയിലെ അംഗങ്ങൾ എല്ലാ ജില്ലകളിലും എട്ടു കേന്ദ്രങ്ങളിലായി തെരുവുനാടകങ്ങൾ അവതരിപ്പിച്ചു വരികയാണ്.

കുടുംബശ്രീ സി.ഡി.എസുകൾക്ക് കാഷ്വൽ ഏജൻസി എടുത്ത് നവകേരളം ഭാഗ്യക്കുറി വിൽക്കുന്നതിനായി സർക്കാർ അവസരം നൽകിയതിനെ തുടർന്ന് നിരവധി സി.ഡി.എസുകളണ് മുന്നോട്ടു വന്നത്. ഇപ്പോഴും സി.ഡി.എസുകൾ ഏജൻസിയെടുക്കാൻ തയ്യാറായി വരുന്നുണ്ട്. സി.ഡി.എസുകളെ കൂടാതെ കുടുംബശ്രീയുടെ പിന്തുണാ സംവിധാനങ്ങളായ കാസ്, മൈക്രോ എന്റർപ്രൈസസ് കൺസൾട്ടന്റുമാർ, വിവിധ പരിശീലന ഗ്രൂപ്പുകൾ എന്നിവരും കാഷ്വൽ ഏജൻസി എടുത്ത് ടിക്കറ്റ് വിൽപന രംഗത്ത് സജീവമായിട്ടുണ്ട്. പദ്ധതി ഊർജിതമാക്കുന്നതിന്റെ ഭാഗമായി ഭാഗ്യക്കുറി വകുപ്പിന്റെ നേതൃത്വത്തിൽ ഓരോ ജില്ലയിലും നിന്നുള്ള കുടുംബശ്രീ പരിശീലന ഗ്രൂപ്പുകളിലെ ഒരാളെ വീതം ഉൾപ്പെടുത്തി പരിശീലനവും നൽകിയിരുന്നു.

ടിക്കറ്റ് ഒന്നിന് രൂപയാണ് വില. പത്തു ടിക്കറ്റുകളു ള്ള ഒരു ബുക്ക് വാങ്ങുമ്പോൾ 1943/- രൂപ നൽകിയാൽ മതി യാകും. താൽപര്യമുള്ള ഏതൊരു കുടുംബശ്രീ വനിതയ്ക്കും സി.ഡി.എസുകൾ മുഖേന നവകേരള ലോട്ടറി വാങ്ങി വിൽക്കാൻ കഴിയും. ആകർഷകമായ കമ്മീഷനുമുണ്ട്. പത്ത് ടിക്കറ്റുകൾ വിൽക്കുമ്പോൾ ഏജന്റിന് 557 രൂപ കമ്മീഷനായി ലഭിക്കും. കൂടാതെ സമ്മാനാർഹമായ ടിക്കറ്റുകളുടെ പ്രൈസ് മണിയുടെ പത്ത് ശതമാനം ഏജൻസി പ്രൈസായി സി.ഡി.എസിനും ബാക്കി തുക ഏജന്റിനും ലഭിക്കും.

സർക്കാരിന്റ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുന്നതിന്റെ ഭാഗമായി കുടുംബശ്രീയുടെ നേതൃത്വത്തിൽ സംസ്ഥാനമൊട്ടാകെയുള്ള അയൽക്കൂട്ട വനിതകളിൽ നിന്നു സമാഹരിച്ച ഏഴു കോടി രൂപ കഴിഞ്ഞ മാസം 29ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകിയിരുന്നു.

## സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ തയ്യൽ ജോലികൾ:

### ടെൻഡർ കൂടാതെ കുടുംബശ്രീ അപ്പാരൽ യൂണിറ്റുകൾക്ക് നൽകാൻ സർക്കാർ ഉത്തരവ്

വിവിധ സർക്കാർ വകുപ്പുകൾ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വാശ്രയ സ്ഥാപനങ്ങൾ മുതലായവയിൽ നിന്നും തയ്യൽ സംബന്ധമായ ജോലികൾ ചെയ്യുന്നതിന് കുടുംബശ്രീയുടെ കീഴിലുള്ള തയ്യൽ യൂണിറ്റുകൾക്ക് കരാർ കാലാവധി ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ച് സർക്കാർ ഉത്തരവിറക്കി. ടെൻഡർ നടപടികൾ കൂടാതെ തയ്യൽ ജോലികൾ നേരിട്ടു ലഭിക്കുന്നതിനായി സ്റ്റോക്ക് പർച്ചേസ് മാന്വലിൽ പ്രത്യേക ഇളവു വരുത്തിയാണ് കുടുംബശ്രീ യൂണിറ്റുകൾക്ക് കരാർ ദീർഘിപ്പിച്ചു നൽകിയിട്ടുള്ളത്.

നിലവിൽ കുടുംബശ്രീയുടെ കീഴിൽ നിരവധി അപ്പാരൽ പാർക്കുകളും ആയിരത്തിലേറെ ചെറുകിട തയ്യൽ യൂണിറ്റുകളും സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. പുതിയ ഉത്തരവ് പ്രകാരം വിവിധ സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും ആവശ്യമായി വരുന്ന തയ്യൽ ജോലികൾ ടെൻഡർ കൂടാതെ കുടുംബശ്രീ യൂണിറ്റുകളെ ഏൽപിക്കാനാകും. ഇതോടൊപ്പം യൂണിറ്റ് അംഗങ്ങൾക്ക് സ്വന്തം നിലയിൽ സർക്കാർ മേഖലയിലെ വിവിധ സ്ഥാപനങ്ങളെ സമീപിച്ച് തയ്യൽ ജോലികൾ ഏറ്റെടുക്കുന്നതിനും അവസരം ലഭിക്കും. കഴിഞ്ഞ വർഷം സാമൂഹ്യനീതി, ലോട്ടറി വകുപ്പുകളിൽ നിന്നും കൂടാതെ മറ്റ് സ്ഥാപനങ്ങളിൽ നിന്നുള്ള തയ്യൽജോലികളും ഏറ്റെടുത്തു ചെയ്തതു വഴി കുടുംബശ്രീക്ക് നാലു കോടി രൂപയുടെ വരുമാനം നേടാൻ സാധിച്ചു. മിതമായ നിരക്കിൽ ഗുണമേന്മയും ഈടും ഉറപ്പാക്കി തയ്യൽ ജോലികൾ സമയബന്ധിതമായി ചെയ്തു കൊടുക്കുന്നതു വഴി യൂണിറ്റുകൾക്ക് കൂടുതൽ തൊഴിൽ സാധ്യതകൾ ലഭിക്കുന്നുണ്ട്.

## നവകേരള സൃഷ്ടിക്കായി സന്ദേശമുയർത്തി കുടുംബശ്രീയുടെ തെരുവുനാടകം

പ്രളയദുരന്തത്തിൽ തകർന്ന കേരളത്തിന്റെ പുന:സൃഷ്ടിക്കായി നാടെങ്ങും സന്ദേശമുയർത്തി കുടുംബശ്രീയുടെ കമ്യൂണിറ്റി തിയേറ്റർ ഗ്രൂപ്പായ രംഗശ്രീയിലെ കലാകാരികൾ. ഇതോടൊപ്പം പ്രളയദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും കേരളത്തിന്റെ പുനരുദ്ധാരണത്തിനും വേണ്ടി സർക്കാരിന്റെ വിഭവ സമാഹരണം ഊർജിതമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനഭാഗ്യക്കുറി വകുപ്പിന്റെ നേതൃത്വത്തിൽ പുറത്തിറക്കിയിട്ടുള്ള നവകേരളം ലോട്ടറിയുടെ വിൽപനയ്ക്ക് കൂടുതൽ പ്രചാരം ലഭ്യമാക്കുക എന്നതു കൂടി ലക്ഷ്യമിട്ടാണ് രംഗശ്രീ കലാകാരികളുടെ തെരുവുനാടകം. സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ സാമ്പത്തിക സഹകരണത്തോടെയാണ് സംസ്ഥാനത്ത് എല്ലാ ജില്ലകളിലും എട്ടു കേന്ദ്രങ്ങളിൽ കലാപരിപാടി അവതരിപ്പിച്ചത്.

പ്രളയത്തിൽ തകർന്നടിഞ്ഞ കേരള ജനത ഒറ്റക്കെട്ടായി നിന്നുകൊണ്ട് എല്ലാ പ്രതിസന്ധികളെയും അതിജീവിച്ച് പുതിയൊരു കേരളം കെട്ടിപ്പടുക്കുന്നതും ജനങ്ങൾ സാഹോദര്യത്തോടും സന്തോഷത്തോടും പുതിയൊരു കാലത്തെ വരവേൽക്കുന്നതുമാണ് ''അതിജീവനത്തിന്റെ പാതയിൽ'' എന്നു പേരിട്ടിരിക്കുന്ന തെരുവുനാടകത്തിന്റെ പ്രമേയം. അടിസ്ഥാന സൗകര്യങ്ങൾ വീണ്ടെടുക്കുന്നതിന്റെ ആവശ്യകതയും പ്രാധാന്യവുമെല്ലാം നാടകത്തിൽ ഊന്നി പറയുന്നു. കൂടാതെ പ്രളയകാലത്ത് ജാതിമത ഭേദങ്ങളും സാമ്പത്തികവുമായ അന്തരങ്ങളും മറന്ന് ജനങ്ങൾ പരസ്പരം സഹായിച്ചുകൊണ്ട് രക്ഷാപ്രവർത്തനങ്ങളിലും ദുരിതാശ്വാസ പ്രവർത്തനങ്ങളിലും ഏർപ്പെടുന്നതും അവരൊരുമിച്ച് സമൂഹനൻമയ്ക്കായി നിലകൊള്ളുന്നതും നാടകത്തിൽ അവതരിപ്പിക്കുന്നുണ്ട്.

തൊണ്ണൂറോളം കുടുംബശ്രീ വനിതകളാണ് വിവിധ ജില്ലകളി ലായി അരങ്ങേറിയ തെരുവുനാടകത്തിൽ അഭിനയിച്ചത്. അയൽക്കൂട്ട വനിതകളിൽ നിന്നും ഏറ്റവും മികച്ച കലാകാരികളെ




തിരഞ്ഞെടുത്ത് ഈ മേഖലയിൽ പ്രശസ്തരായ വ്യക്തികളുടെ കീഴിൽ പരിശീലനം നൽകിയാണ് രംഗശ്രീ കമ്യൂണിറ്റി തിയേറ്റർ ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുള്ളത്. ''അതിജീവനത്തിന്റെ പാതയിൽ''എന്ന പുതിയ തെരുവു നാടകത്തിന്റെ ആശയവും തിരക്കഥയുമൊം ഇതിലെ കലാകാരികൾ തന്നെയാണ് നിർവഹിച്ചിട്ടുള്ളത്. നാടക സംവിധായകനായ പ്രമോദ് പയ്യന്നൂരിന്റെ സാങ്കേതിക സഹായവും ലഭിച്ചിരുന്നു.

## പദ്ധതി പ്രവർത്തന പുരോഗതി: പത്തനംതിട്ട ജില്ല

അഗതിരഹിത കേരളം 11

പത്തനംതിട്ട ജില്ലയുടെ അഗതിരഹിതകേരളം പദ്ധതി പ്രവർത്തന പുരോഗതിയെക്കുറിച്ചാണ് ഈ ലക്കം. ജില്ലയിൽ മൊത്തം 14219 കുടുംബങ്ങളുടെ മൊബൈൽ സർവേയാണ് നടത്തിയത്. ഇതിൽ 9155 കുടുംബങ്ങളെ നിലവിൽ ഗുണഭോക്തൃ കുടുംബങ്ങളായി ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ തിരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ 5760 കുടുംബങ്ങൾ മുൻ ആശ്രയ പദ്ധതി ഗുണഭോക്താക്കളും 3395 കുടുംബങ്ങൾ പുതുതായി ഉൾപ്പെടുത്തിയവരുമാണ്.

മൊത്തം ഗുണഭോക്താക്കളിൽ 455 കുടുംബങ്ങൾ എസ് ടി വിഭാഗത്തിലുൾപ്പെടുന്നവരാണ്. 57 തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുള്ള പത്തനംതിട്ട ജില്ലയുടെ പ്രവർത്തന പുരോഗതി ചുവടെ ചേർത്തിരിക്കുന്നു.

| പ്രവർത്തന പുരോഗതി | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എണ്ണം |
|---|---|
| അപ്പീൽ പുന: പരിശോധന കഴിഞ്ഞവ | 56 |
| പ്രത്യേക ഗ്രാമസഭ കഴിഞ്ഞവ | 56 |
| ഗുണഭോക്തൃ പട്ടിക അന്തിമമാക്കിയവ | 55 |
| ആരോഗ്യ ക്യാമ്പ് നടത്തിയവ | 55 |
| പ്രോജക്കുകൾ തയ്യാറായവ | 9 |

**അടുത്തലക്കം: ആലപ്പുഴ ജില്ലയുടെ പുരോഗതി**
കൂടുതൽ വിവരങ്ങൾക്ക് : **dfk.ksm@gmail.com**

## സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കാന്റീൻ നടത്താൻ കുടുംബശ്രീ യൂണിറ്റുകൾക്ക് സർക്കാർ അനുമതി

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കു കൈമാറ്റം ചെയ്യുന്ന ഓഫീസുകളിലും ടെൻഡർ നടപടികളില്ലാതെ കാന്റീൻ നടത്തുന്നതിന് കുടുംബശ്രീ യൂണിറ്റുകൾക്ക് സർക്കാർ അനുമതി ലഭിച്ചു. വാർഷിക കരാർ അടിസ്ഥാനത്തിൽ കാന്റീൻ നടത്തുന്നതിനാണ് അനുമതി. ഇതു സംബന്ധിച്ച് സർക്കാർ ഉത്തരവ് (സ.ഉ.(സാധാ.)നമ്പർ. 2143/2018/ ത.സ്വ.ഭ തിരുവനന്തപുരം. തീയതി-3-8-2018 ) പുറപ്പെടുവിച്ചു.

സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു പുറമെ, ഇവിടേക്ക് കൈമാറ്റം ചെയ്യുന്ന നിരവധി സ്ഥാപനങ്ങളുമുണ്ട്. പുതിയ ഉത്തരവ് കുടുംബശ്രീയുടെ കീഴിൽ പ്രവർത്തിക്കുന്ന 1074 കാന്റീൻ കാറ്ററിംഗ് യൂണിറ്റുകൾക്ക് ഏറെ പ്രയോജനകരമാകും. ഇതുപ്രകാരം നിലവിലുള്ള സംരംഭകർക്ക് പ്രാദേശികമായി തന്നെ വിവിധ തദ്ദേശസ്ഥാപനങ്ങളിൽ സംരംഭം ആരംഭിക്കാനുള്ള അവസകരമൊരുങ്ങുകയും അതുവഴി മികച്ച വരുമാനം നേടാനും കഴിയും.

പ്രഭാത ഭക്ഷണം, ഊണ്, ചായ, കാപ്പി, പലഹാരങ്ങൾ എന്നിങ്ങനെ സ്വാദിഷ്ടമുള്ള നാടൻ ഭക്ഷണ പദാർത്ഥങ്ങൾ മിതമായ നിരക്കിൽ ലഭിക്കുമെന്നതാണ് കുടുംബശ്രീ കാറ്ററിംഗ് യൂണിറ്റുകളുടെ പ്രത്യേകത. ഇതോടൊപ്പം തദ്ദേശ സ്ഥാപനങ്ങളിൽ സംഘടിപ്പിക്കുന്ന വിവിധ പരിപാടികൾക്ക് ഭക്ഷണമൊരുക്കുന്ന കരാറും കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകാൻ കഴിയും.

നിലവിൽ ഓരോ ജില്ലയിലും കളക്ട്രേറ്റുകൾ, ഗവൺമെന്റ് ഗസ്റ്റ് ഹൗസുകൾ എന്നിവിടങ്ങളിൽ കുടുംബശ്രീ യൂണിറ്റുകൾ മുഖേന കാന്റീൻ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ പല പ്രമുഖ സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന മേളകൾ, ദേശീയ സരസ് ഉൽപന്ന വിപണന മേളകൾ, ഇതരസംസ്ഥാനങ്ങളിൽ സംഘടിപ്പിക്കുന്ന ഫെയറുകൾ, അന്താരാഷ്ട്ര വ്യാപാരോത്സവം എന്നിവിടങ്ങളിലെല്ലാം കുടുംബശ്രീ വനിതകൾ സ്വാദിഷ്ഠമായ ഭക്ഷണവിഭവങ്ങളുമായി പങ്കെടുക്കാറുണ്ട്. ഗുണനിലവാരമുള്ള ഭക്ഷണവും മികച്ച ആഥിതേയത്വവുമാണ് കുടുംബശ്രീ കാന്റീൻ കാറ്ററിങ്ങ് യൂണിറ്റുകളുടെ പ്രത്യേകത. സംസ്ഥാനത്തെ മുഴുവൻ തദ്ദേശസ്ഥാപനങ്ങളോടും ചേർന്ന് കുടുംബശ്രീ കാന്റീൻ പ്രവർത്തനം ആരംഭിക്കുന്നതോടെ ആറായിരത്തിലേറെ സ്ത്രീകൾക്ക് നേരിട്ട് തൊഴിൽ ലഭിക്കും.


Printed and published by S. Harikishore IAS, Executive Director, Kudumbashree, State Poverty Eradication Mission, Government of Kerala, 2nd Floor, TRIDA Building, Chalakkuzhi Road, Medical College P.O., Thiruvananthapuram - 695011, Kerala. Editor: Ramlath.P.
Associate Editors: Asha S. Panicker, Chaithanya. G, Manjary Asok. Design: Arun S, Publicity: Sreebal. B. S, E-mail: prteamkshreeho@gmail.com